**കേരള കാർഷിക സർവ്വകലാശാല**
**പ്രാദേശികകാർഷിക ഗവേഷണ കേന്ദ്രം, കുമരകം**
ഫോൺ: 0481-2524421, ഇമെയിൽ: rarskum@kau.in

**നം. ഇ1/637/2024** **തീയതി: 21/02/2024**

## ദർഘാസ് നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള സെക്യൂരിറ്റി കരാറുകാരന്റെ കാലാവധി 31/03/2024 -ന് അവസാനിക്കുന്ന സാഹചര്യത്തിൽ 01/04/2024 മുതൽ 31/03/2025 വരെ ഒരു വർഷത്തേയ്ക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജോലി ചെയ്യുന്നതിന് സെക്യൂരിറ്റി ജോലിയിൽ പരിചയസമ്പത്തുള്ള വിമുക്ത ഭടന്മാർ/റിട്ടയേർഡ് പാരാമിലിട്ടറി ഫോഴ്സ് എന്നീ വിഭാഗത്തിലുള്ളവരെ നല്കുന്നതിന് താത്പര്യമുള്ളവരിൽ നിന്നും മുദ്രവച്ച കവറിൽ ദർഘാസുകൾ ക്ഷണിക്കുന്നു.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി 18/03/2024 -ന് രാവിലെ 11 മണി. ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ അന്നേദിവസം പകൽ 11.30 -ന് ദർഘാസുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുന്നയാളിന്റെ ദർഘാസ് തൃപ്തികരമെന്നുകണ്ടാൽ സ്വീകരിക്കുന്നതുമാണ്. ദർഘാസ് ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് "പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കുന്നതിനുള്ള ദർഘാസ് " എന്ന് രേഖപ്പെടുത്തേണ്ടതാണ്. അസോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ് കുമരകം എന്ന വിലാസത്തിലാണ് ദർഘാസുകൾ അയയ്ക്കേണ്ടത്. താഴെ പറയുന്നതും, അനുബന്ധമായി ചേർത്തിട്ടുമുള്ള നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1. സെക്യൂരിറ്റി ജീവനക്കാരുടെ എണ്ണം - 6
2. ഡ്യൂട്ടി സമയം - 8 മണിക്കൂർ
3. കാവൽജോലി ഒന്നിന് ഇത്ര രൂപ എന്ന് കാണിക്കണം
4. വരുമാന നികുതി, ജി.എസ്സ്.റ്റി എന്നിവ അടക്കമുള്ള തുകയാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്
5. ക്വട്ടേഷനോടൊപ്പം നിരത ദ്രവ്യമായി 1,500/- രൂപ കെട്ടിവയ്ക്കേണ്ടതാണ്.
6. സുരക്ഷാ നിക്ഷേപമായി 10,000/- രൂപ കെട്ടിവയ്ക്കേണ്ടതാണ്.

ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാൾ 200/- രൂപ മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതാണ്. അതോടൊപ്പം, നിർദ്ദേശിക്കപ്പെടുന്ന തുക സെക്യൂരിറ്റിയായും സമർപ്പിക്കേണ്ടതാണ്. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

ഓരോ മാസവും സെക്യൂരിറ്റി വേതനത്തിൽ നിന്നും വരുമാന നികുതി (2%) കുറവു ചെയ്തു ഗവൺമെന്റിലേയ്ക്ക് അടയ്ക്കുന്നതായിരിക്കും. അതിലേയ്ക്കായി കരാറുകാരൻറെ പാൻകാർഡിൻറെ പകർപ്പ് ദർഘാസിനോടൊപ്പം നൽകേണ്ടതാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അസോസിയേറ്റ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:-

1. ജില്ലാ സൈനിക ക്ഷേമ ബോർഡ്, കോട്ടയം.
2. നോട്ടീസ് ബോർഡ്- ഫാം/ഓഫീസ്/സർവ്വകലാശാല വെബ്സൈറ്റ്/പഞ്ചായത്ത് ഓഫീസ്, കുമരകം/ അയ്മനം/വെച്ചൂർ/തിരുവാർപ്പ്/തലയാഴം/തണ്ണീർമുക്കം/ കുമരകം റീജിയണൽ സർവ്വീസ് സഹകരണബാങ്ക് നം. 315/1070/2298.
3. ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്ജ്

വി.ജി.എസ്സ്

ഈ കേന്ദ്രത്തിലെ സൂരക്ഷാ ജോലികൾക്കായി 01/04/2024 മുതൽ 31/03/2025 വരെ സുരക്ഷാ ജീവനക്കാരെ ലഭ്യമാക്കുന്നതിന് പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് 2005 പ്രകാരം ലൈസൻസ് ഉള്ള സെക്യൂരിറ്റി ഏജൻസികളിൽ നിന്ന് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വ്യവസ്ഥകളും നിബന്ധനകളും

1. വെള്ളക്കടലാസിൽ 8 മണിക്കൂർ സുരക്ഷാ ജോലിക്ക് ഒരാൾക്ക് ലഭിക്കേണ്ട കുറഞ്ഞ കൂലി എല്ലാ നികുതികളും (വരുമാന നികുതി + ജി.എസ്സ്.റ്റി) അടക്കം രേഖപ്പെടുത്തി മൊബൈൽ നമ്പരും പൂർണ്ണ മേൽ വിലാസവും സഹിതം പേരെഴുതി ഒപ്പിട്ട് കവറിൽ അടക്കം ചെയ്ത് ഒട്ടിച്ചാണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്. കവറിനുപുറത്ത് 'സെക്യൂരിറ്റി ജോലിക്കുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം.

2. ഇപ്രകാരം തയ്യാറാക്കുന്ന ക്വട്ടേഷനുകൾ 18/03/2024-ന് രാവിലെ 11 മണിക്കോ അതിനു മുൻപോ ആയി അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. അന്നേ ദിവസം ക്വട്ടേഷൻ സമർപ്പിച്ചവരിൽ ആ സമയത്ത് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്

3. നിരതദ്രവ്യം 1,500/- (രൂപ ആയിരത്തി അഞ്ഞൂറ് മാത്രം) ആയി നിജപ്പെടുത്തിയിരിക്കുന്നു. ഈ തുക പണമായി നേരിട്ട് ഈ ഗവേഷണ കേന്ദ്രം ഓഫീസിലോ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം എന്ന വിലാസത്തിൽ എടുത്തതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുമരകം ശാഖയിൽ മാറാവുന്നതുമായ ഡിമാൻറ് ഡ്രാഫ്റ്റ് ആയോ അടയ്ക്കേണ്ടതാണ്.

4. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന ഏജൻസിക്ക് രജിസ്ട്രേഷനും, സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. സെക്യൂരിറ്റി ഗാർഡുമാരായി നിയമിക്കുന്നവരുടെ കുറഞ്ഞ വേതനം, വേതനവുമായി ബന്ധപ്പെട്ട പരാതികൾ, മിനിമം വേജ് ആക്ട്, ഇപിഎഫ് ആൻഡ് എം പി ആക്ട്, ഇഎസ്ഐ ആൻഡ് വർക്ക് മെൻ കോമ്പൻസേഷൻ ആക്ട് തുടങ്ങി എല്ലാവിധ തൊഴിൽ നിയമങ്ങളും അവർക്ക് ലഭ്യമാക്കുന്നതിൻറ ഉത്തരവാദിത്തം ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ ഏജൻസിയിൽ നിക്ഷിപ്തമാണ്. സർവ്വകലാശാലയ്ക്ക് യാതൊരു ബാധ്യതയും ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല.

6. ആകെ നിയമിക്കുന്ന സെക്യൂരിറ്റി ഗാർഡുമാരിൽ വിമുക്തഭടൻമാർക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം നിയമിക്കുപ്പെടുന്ന സുരക്ഷാ ജീവനക്കാരുടെ തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷൻ ലഭിച്ച ഏജൻസി ഹാജരാക്കേണ്ടതാണ്.

7. സുരക്ഷാ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവരുടെ കൂടിയ പ്രായം 01/04/2023 -ന് 60 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു. നിയോഗിക്കപ്പെടുന്ന സുരക്ഷ ജീവനക്കാർക്ക് നല്ല കായിക ക്ഷമത ഉണ്ടായിരിക്കണം. ഏജൻസി നൽകുന്ന സുരക്ഷാ ജീവനക്കാർ ഈ കേന്ദ്രത്തിൻറെ 5 കിലോ മീറ്റർ പരിധിക്ക് പുറത്തുള്ളവർ ആയിരിക്കണം

8. സുരക്ഷാ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാവരുത്. ഏതെങ്കിലും കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ ഏജൻസി സത്യവാങ്മൂലം നൽകേണ്ടതാണ്. ജോലിയിലിരിക്കുമ്പോൾ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത കാര്യം സംഭവം നടന്ന് 24 മണിക്കൂറിനകം കരാറുകാരൻ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

9. സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ അശ്രദ്ധ മൂലമോ ജോലിയിൽ ഉണ്ടാകുന്ന വീഴ്ച മൂലമോ സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന സ്ഥാപനം നേരിട്ട് ഉത്തരവാദിയായിരിക്കും. ഇത്തരത്തിലുള്ള നഷ്ടം ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണ്.

10. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ സ്ഥാപനം 200/- (രൂപ ഇരുന്നൂറ് മാത്രം) വിലയുള്ള സർക്കാർ മുദ്രപത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പിട്ടു നൽകേണ്ടതും സുരക്ഷാ നിക്ഷേപമായി 10,000/- രൂപ (ആകെരൂപപതിനായിരംമാത്രം) അടയ്ക്കേണ്ടതുമാണ്.

11. സുരക്ഷ ജോലികളുടെ മേൽനോട്ട അധികാരമുള്ള ഉദ്യോഗസ്ഥന്റെ (ഫാം സൂപ്രണ്ട്) നിർദ്ദേശാനുസരണമാണ് ജോലികൾ ചെയ്യേണ്ടത്. 24 മണിക്കൂറും സുരക്ഷാജീവനക്കാരുടെ സേവനം ഉറപ്പു വരുത്തണം.

12. സർക്കാർ ചട്ടപ്രകാരം ആവശ്യമായ രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമായ സമയങ്ങളിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം ആണ്. ബന്ധപ്പെട്ട സർക്കാർ നിയമങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിക്കേണ്ടത് ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം ആണ്.

13. സെക്യൂരിറ്റി ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് വേണ്ട യൂണിഫോം, ഷൂ, ബെൽറ്റ് ടോർച്ച് ലൈറ്റ് തുടങ്ങിയവ ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനം അവരുടെ ചെലവിൽ നൽകേണ്ടതാണ്.

14. ഒരു ജീവനക്കാരനെ പരമാവധി എട്ട് മണിക്കൂറിൽ കൂടുതൽ ജോലിക്ക് നിയോഗിക്കാൻ പാടുള്ളതല്ല.

15. ആവശ്യാനുസരണം സെക്യൂരിറ്റി ജീവനക്കാരെ കരാർ കാലയളവിൽ ലഭ്യമാക്കാൻ ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനത്തിന് ബാധ്യത ഉണ്ടായിരിക്കും.

16. ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന സ്ഥാപനത്തിനോ ജോലിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കോ ക്വട്ടേഷൻ കാലയളവിലെ അർഹമായ വേതനത്തിന് പുറമെ, ഒരു തരത്തിലുമുള്ള അവകാശങ്ങളും സർവ്വകലാശാലയിൽ ഉണ്ടായിരിക്കുകയില്ല. ടി സ്ഥാപനം രേഖകൾ സമർപ്പിക്കുന്നത് ഇൻവോയ്സ്, ജി.എസ്സ്.റ്റി സ്റ്റേറ്റ്മെൻറ്, ജി.പി.എഫ്/ഇ.പി.എഫ് ഉണ്ടെങ്കിൽ അവ അടച്ചതിൻറെ രേഖകൾ, സെക്യൂരിറ്റിക്കാർക്ക് നൽകുന്ന വേതനത്തിൻറെ വിശദാംശങ്ങൾ എന്നിവ ഇൻവോയ്സിനൊപ്പം ഹാജരാക്കേണ്ടതാണ്.

17. ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനം നൽകുന്ന പ്രതിമാസ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ചെക്ക് മുഖേനആയിരിക്കും കരാർ തുക വിതരണം ചെയ്യുന്നത്. ഇപ്രകാരം നൽകുന്ന തുകയിൽ നിന്ന് നിയമാനുസരണമുള്ള നികുതികളും ആദായ നികുതി ബാധകമാണെങ്കിൽ ആയതും കുറവ് ചെയ്യുന്നതാണ്.

18. സെക്യൂരിറ്റി ജീവനക്കാരുടെ ജോലിസമയത്തെ നിയന്ത്രണമൊഴികെ അവരെ സംബന്ധിച്ച് നിയമപരവും അല്ലാത്തതും ആയ എല്ലാ ബാധ്യതകളും അവരെ ലഭ്യമാക്കിയ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.

19. ക്വട്ടേഷനിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയതുകൊണ്ട് മാത്രം പ്രസ്തുത കരാറുകാരന് ക്വട്ടഷൻ ഉറപ്പിച്ച് നൽകുവാനുള്ള അർഹതയായി കണക്കാക്കുകയില്ല. ഏതെങ്കിലും സാഹചര്യത്തിൽ ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനത്തിന്റെ സേവനം തൃപ്തികരമല്ലാതെ കണ്ടാൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമാണ്.

20. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ മറ്റ് എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

21. ഒരു കാരണവും കൂടാതെ ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ, നിരസിക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള അധികാരം മേലധികാരിയിൽ നിക്ഷിപ്തമാണ്.

21/02/24

അസ്സോസിയേറ്റ് ഡയറക്ടർ